റവന്യൂബോർഡ് മെമ്പറന്മാർ.

* 943. [6] ശ്രീ. എം. സി. എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) റവന്യൂബോർഡ് മെമ്പറന്മാരുടെ പ്രതിമാസശമ്പളം തുടങ്ങിയ വേതനങ്ങൾ എത്ര ;

(ബി) 1963- ൽ ഡിസംബർ അവസാനംവരെ ഓരോ മെമ്പറും പററിയിട്ടുള്ള ടാവലിംഗ് അലവൻസ് എത്ര ;

(സി) റവന്യൂബോർഡ് നിറുത്തലാക്കുന്നതിനു വല്ല ആലോചനയുമുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) ഫസ്റ്റ് മെമ്പർക്ക് 2500 ഉറുപ്പികയും, മറ്റുള്ള മെമ്പറന്മാർക്ക് 2250 ഉറുപ്പിക വീതവും പ്രതിമാസം ശമ്പളമുണ്ട്.

(ബി) ഫസ്റ്റ് മെമ്പർ 1842 രൂപ 17 നയാപൈസ. സെക്കൻഡ് മെമ്പർ 7905 രൂപ 31 നയാ പൈസ. തേർഡ് മെമ്പർ 7883 രൂപ 10 നയാപൈസ.

(സി) ഇല്ല.

ശ്രീ. എം. നാരായണക്കുറുപ്പ് : മുമ്പ് ഒരു ദിവസം ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ മറുപടിയിൽനിന്നും ഇപ്പോഴത്തെ അഞ്ചുപേർ ബോർഡു അംഗങ്ങളായിട്ടുണ്ട്. അതിൽ ചിലർ ഇന്നത്തെ മറ്റു തസ്തികകളിൽ തുടരുകയാണ്. അങ്ങനെ നിയമിക്കുന്നതുകൊണ്ട് ഗവണ്മെൻറിനു അധികം നഷ്ടം ഉണ്ടാകുകയല്ലേ ചെയ്യുന്നത് ?

ശ്രീ. ആർ. ശങ്കർ : ശമ്പളം കൂടിയ ഉദ്യോഗസ്ഥന്മാരെ മറ്റു ജോലികൾക്ക് കൂടി വെയ്ക്കുകയാണെങ്കിൽ തീർച്ചയായും ഗവണ്മെൻറിനു നഷ്ടമാണ് ഉണ്ടാകുന്നത്. സീനിയർ ഉദ്യോഗസ്ഥന്മാരെ വയ്ക്കണമെന്നും ഗവണ്മെൻറിൽനിന്നും പ്രത്യേകമായി കൽപ്പിക്കുന്നതുകൊണ്ടാണ് അപ്രകാരം ചെയ്യുന്നത്.

ശ്രീ. ഈ. പി. ഗോപാലൻ: റവന്യൂബോർഡിൽ നാലാമത്തെയും അഞ്ചാമത്തെയും മെമ്പർമാരായി നിയമിക്കുന്നതു് എന്തു ഉദ്ദേശത്തോടുകൂടിയാണ്. ഇതിൽ അംഗങ്ങളായി നിയമിച്ചതിനു ശേഷം അവരെ മറ്റു ഉദ്യോഗങ്ങളിൽ നിയമിക്കുന്നതെന്തിനാണ്. അങ്ങനെയാണെങ്കിൽആറും ഏഴും എട്ടും മെമ്പറന്മാരെ ആക്കേണ്ടി വരികയില്ലേ ?

ശ്രീ.ആർ.ശങ്കർ: ഏറ്റവും സീനിയറായിട്ടുള്ള ഉദ്യോഗസ്ഥന്മാരെയാണ റവന്യൂബോർഡ് മെമ്പറന്മാരാക്കുന്നതു്.

ശ്രീ. എം. നാരായണക്കുറുപ്പ് : റവന്യൂബോർഡിൽ നാലും അഞ്ചും മെമ്പർമാരാകുന്നവരുടെ ശമ്പളം എന്താണ് ; അവക്ക് വല്ല ശമ്പള ക്ലിപ്തതയും ഉണ്ടോ ?

ശ്രീ. ആർ. ശങ്കർ: പ്രമോഷൻ മൂലം ഈ തസ്തികകളിൽ വരുന്നവർക്ക് ശമ്പളക്കൂടുതൽ ഉണ്ട്.

ശ്രീ. ഈ. പി. ഗോപാലൻ : സീനിയോറിറ്റി അനുസരിച്ചുള്ള ഉദ്യോഗസ്ഥന്മാരുടെ ലിസ്റ്റു ഗവണ്മെൻറിന്റെ കൈവശം ഉണ്ടോ ?

ശ്രീ. ആർ. ശങ്കർ : ഉണ്ട്. എല്ലാവരുടെയും സീനിയോറിറ്റി അനുസരിച്ചുള്ള ഒരു ലിസ്റ്റു് അവസാനം വരെയുള്ളതു് ഗവണ്മെൻറിന്റെ പക്കൽ ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly